പുറക്കലേരിമല കോളനിയിൽ വെള്ളം എത്തിക്കാൻ നടപടി

14(917) ശ്രീമതി എൻ. കെ. രാധ : താഴെക്കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേരാമ്പ്ര നിയോജക മണ്ഡലത്തിലെ പുറക്കലേരിമല ഐ.എച്ച്.ഡി.പി. കോളനി (ചങ്ങരോത്ത് പഞ്ചായത്തിൽ 2-ാം വാർഡിൽ) 40 കുടുംബങ്ങൾക്ക് വെള്ളം കിട്ടുന്നതിന് വേണ്ടി എടക്കണ്ടി മലോൽ മീണൽ വേലപ്പന്റെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ നിയമത്തിൻമേൽ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

നിവേദനം ലഭിച്ചിട്ടുണ്ട്. ടി കോളനിയിൽ വാട്ടർ ടാപ് സ്ഥാപിക്കുകയും പൈപ്പ് കണക്ഷൻ നൽകുകയും വൈദ്യുതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പമ്പ് സെറ്റ് സ്ഥാപിച്ച് പദ്ധതി കമ്മിഷൻ ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു.

മോയോർക്കുന്ന് കോളനിയിലെ കുടിവെള്ളപ്രശ്നം

15(918) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിലെ കൂത്താളി ഗ്രാമപഞ്ചായത്തിൽ 1-ാം വാർഡിലെ മോയോർക്കുന്ന് കോളനിയിലെ കുടിവെള്ളപ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള മോയോർക്കുന്ന് ഹരിജൻ കോളനി സെക്രട്ടറിയുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷയിൻമേൽ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിൽ തന്നെയും കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്.

ഐ.റ്റി.സി. കളുടെ പ്രവർത്തനം

16(919) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഐ.റ്റി.സി.കൾ പ്രവർത്തിക്കുണ്ടെന്നും എവിടെയെല്ലാമാണെന്നും അറിയിക്കുമോ ;

(ബി) ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥി- വിദ്യാർത്ഥിനികൾ എത്രയെന്നും അവർക്ക് പ്രതിമാസം നൽകുന്ന ധനസഹായം എത്രയാണെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly